പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1209 — 30.09.2011 - ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളുടെ പ്രവർത്തന ശൈലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) | നിലവിലുള്ള സഹകരണ സംഘങ്ങളിലെ പ്രവർത്തനമാന്ദ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (ബി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന സഹകരണ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി നടപ്പാക്കുന്ന സഹകരണ ക്ഷേമ വികസന പദ്ധതി മുഖേനയും കൂടാതെ സംസ്ഥാന പദ്ധതി വിഹിതം മുഖേനയും സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹകരണ നിയമത്തിലും ചട്ടത്തിലും കാലോചിതമായ മാറ്റം വരുത്തിക്കൊണ്ട് സമഗ്രമായ നിയമ ഭേദഗതി നടപ്പിലാക്കുകയും ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുകയും ആയതിനനുസൃതമായി സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്ത് സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള വകുപ്പ്തല നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി പ്രത്യേകം പ്രവർത്തനങ്ങൾക്ക് രൂപം നൽകുമോ; | (സി) | പട്ടികവർഗ്ഗ വിഭാഗക്കാർ ഇടതിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ രൂപീകരിച്ചിട്ടുള്ള പട്ടിക വർഗ്ഗ സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | പട്ടികവർഗ്ഗ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരിയും, സബ്സിഡിയും അനുവദിക്കുന്ന പദ്ധതി രൂപീകരിച്ച് നടപ്പാക്കുന്നു. കൂടാതെ പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെപ്പറ്റി പഠിച്ച് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ